പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5257 — 01. 07. 2014 ൽ മറുപടിക്ക്

## റെസ്പോൺസിബിൾ കൺസ്യൂമർ ആനുകൂല്യങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ് . ബിജിമോൾ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോക്താക്കൾക്ക് റെസ്പോൺസിബിൾ കൺസ്യൂമർ ആനുകുല്യങ്ങൾ നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) & (ബി) | വൈദ്യുതി ഉപഭോഗം ഗണ്യമായി കുറയ്ക്കുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും ഞായറാഴ്ചകളിലെ ഉപഭോഗത്തിന് നിരക്കിൽ ഇളവ് നൽകുന്നതിനും ഉള്ള ശുപാർശകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് റെഗുലേറ്ററി കമ്മിഷന് സമർപ്പിച്ച താരിഫ് പെറ്റിഷനിൽ ഉണ്ട്. |
| (ബി) | ഞായറാഴ്ചകളിൽ കുറഞ്ഞ വൈദ്യുതി നിരക്ക് ഏർപ്പെടുത്തുന്നതിനുദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | | |
| (സി) | വൈദ്യുതിബോർഡ് എത്ര ശതമാനം നിരക്ക് വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; പുതിയ നിരക്ക് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ഏകദേശം 16.41% നിരക്കു വർദ്ധനവാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് 15.5.2014ൽ സമർപ്പിച്ച താരിഫ് പെറ്റിഷൻ സംബന്ധിച്ച ഉത്തരവ് നിയമം അനുശാസിക്കുന്ന 120 ദിവസത്തിനുള്ളിൽതന്നെ പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ